**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **01-02-2023 - ൽ മറുപടിയ്ക്ക്**

**തോട് നികത്തിയതിനെതിരെ പരാതിയിൻമേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കാളം തിരുത്തി പ്രദേശത്ത് നീരൊഴുക്കുള്ള തോട് സ്വകാര്യ വ്യക്തികൾ മണ്ണിട്ട് നികത്തിയതിനെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ബോർഡ് തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയെങ്കിലും കേസ് രജിസ്റ്റർ ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളം തിരുത്തി തോട് നികത്തിയതുമായി ബന്ധപ്പെട്ട് നന്നമ്പ്ര പഞ്ചായത്തിലെ സെക്രട്ടറിയിൽ നിന്നും ലഭിച്ച പരാതിയിന്മേൽ തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയതിൽ നന്നമ്പ്ര ഗ്രാമപഞ്ചായത്തിലെ കാളം തിരുത്തി തോട് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ മേൽപ്പറഞ്ഞ ഭൂമി സ്വകാര്യ കൈവശത്തിൽ ഉൾപ്പെട്ട നിലം (നഞ്ച)ഭൂമിയാണെന്ന് വില്ലേജിലെ രേഖകൾ പ്രകാരം വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത പരാതിയിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | മേൽപ്പറഞ്ഞ അക്രമികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും, നികത്തിയ നീരൊഴുക്കുള്ള തോട് പൂർവ്വ സ്ഥിതിയിലാക്കുന്നതിനും വേണ്ടി ബന്ധപ്പെട്ട ജനപ്രതിനിധികൾ ബഹു മുഖ്യമന്ത്രി, ബഹു റവന്യൂ വകുപ്പ് മന്ത്രി, ബഹു തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, തിരൂർ ആർ.ഡി.ഒ, തിരൂരങ്ങാടി പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ എന്നിവർക്ക് നൽകിയ പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | തിരൂരങ്ങാടി താലൂക്കിൽ നന്നമ്പ്ര വില്ലേജിൽ കാളംതിരുത്തി തോട് പുറമ്പോക്ക് മണ്ണിട്ട് നികത്തുന്നതു സംബന്ധിച്ച് ലഭ്യമായ പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ അക്രമികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതിനും, മണ്ണിട്ട് നികത്തിയ തോട് പൂർവ്വ സ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തോട് മണ്ണിട്ട് നികത്തി നീരൊഴുക്ക് തടസ്സപ്പെടുത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് ആയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതിയിലെ എതിർ കക്ഷികൾക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ